(സി) നിലവിലെ ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ പുതിയ പോലീസ് സ്റ്റേഷനുകൾ മുൻഗണനാക്രമത്തിൽ ആരംഭിക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിവരുന്ന പഠന റിപ്പോർട്ട് ലഭിച്ചശേഷം പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

കാപ്പ നിയമത്തിന്റെ പ്രയോഗം

172 (2992) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര താലൂക്കിൽ കാപ്പ നിയമപ്രകാരം നാളിതുവരെ എത്ര പേരെ നാടുകടത്തിയെന്നും അവർ ആരൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമപ്രകാരം വടകര താലൂക്കിൽ ഇപ്പോൾ ആർക്കൊക്കെ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നോട്ടീസ് ലഭിച്ചിട്ടുള്ള ആളുകളുടെ രാഷ്ട്രീയ പാർട്ടി ബന്ധങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടകര താലൂക്കിൽപ്പെട്ട 31 പേർക്കെതിരെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം സഞ്ചലന നിയന്ത്രണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) വടകര താലൂക്കിലെ ആരുടെയും പേരിൽ കാരണം കാണിക്കൽ നോട്ടീസ് നിലവിലില്ല. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം നടപടി സ്വീകരിക്കുന്നവരുടെ രാഷ്ട്രീയബന്ധങ്ങൾ സംബന്ധിച്ച വിവരം ശേഖരിക്കാറില്ല.

സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം

173 (2993) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സേനയിലെ സ്ഥലം മാറ്റത്തിന് മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം ഉദ്യോഗസ്ഥന്മാർക്കാണ് സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം ബാധകമായി വരുന്നത് ;

(സി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്ത് പോലീസ് സേനയിലെ സ്ഥലം മാറ്റത്തിന് മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബറ്റാലിയൻ, എ.ആർ. ക്യാമ്പുകളിലെ പോലീസുകാർക്ക് പൊതുസ്ഥലം മാറ്റം ഉണ്ടാകാറില്ല.

(ബി) എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 09/14 പ്രകാരം സിവിൽ പോലീസ് ഓഫീസർ മുതൽ സബ് ഇൻസ്പെക്ടർ റാങ്കുവരെയുള്ളവരുടെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡം ബാധകമാക്കിയിട്ടുണ്ട്.

(സി) പൊതു സ്ഥലംമാറ്റം നീതിപൂർവ്വമാക്കുന്നതിനുവേണ്ടിയാണ് മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്.

അഴിമതി നിരോധന നിയമത്തിലെ വകുപ്പുകളും നിയമോപദേശവും കോടതിവിധികളും

174 (2994) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴപ്പണം വാങ്ങൽ കുറ്റം സംബന്ധിച്ച് അഴിമതി നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളും അത് സംബന്ധമായ സുപ്രീംകോടതി വിധികളും ഉദ്ധരിച്ച് വിശദമാക്കുമോ ;

(ബി) അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരം, ഒരു പ്രതി കോഴ കൈപ്പറ്റിയെന്ന ആരോപണം തെളിയിക്കാനുള്ള വസ്തുതാ പരിശോധനയിൽ, എത്ര ശതമാനം തെളിവുകൾ ലഭിച്ചാൽ അന്വേഷണ ഉദ്യോഗസ്ഥന് പ്രതിക്കെതിരെ കുറ്റം ചുമത്തി കുറ്റപത്രം കോടതിയിൽ സമർപ്പിക്കാമെന്ന് വിശദമാക്കുമോ ;

(സി) കോഴപ്പണം കൈപ്പറ്റിയതിന്റെ പേരിൽ എത്ര കേസ്സുകളിൽ വിജിലൻസ് ഡയറക്ടർ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട് ; അവയെല്ലാം നൂറ് ശതമാനവും കുറ്റം തെളിയിക്കുന്നതിനുള്ള തെളിവുകൾ ശേഖരിച്ചതിനുശേഷം മാത്രമായിരുന്നുവോയെന്നു വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly